**മംഗളവാർത്ത ഒന്നാം ഞായർ**

**ലൂക്കാ 1:5-25**

## ദൈവത്തിന് ഒന്നും അസാധ്യമല്ല

**റവ.ഡോ. സോണി മഞ്ഞളി**

സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണ് ഇന്നത്തെ സുവിശേഷഭാഗം. സ്നാപകയോഹന്നാന്റെ മാതാപിതാക്കളായ സഖറിയായും, എലിസബത്തും വിശുദ്ധരായിരുന്നുവെന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നുണ്ട്. കാരണം അവർ ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും, കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു. വിശുദ്ധിയെന്നത് ദൈവഹിതത്തിന് വിധേയപ്പെടൽ കൂടിയാണെന്ന് സഖറിയായും, എലിസബത്തും ഓർമ്മപ്പെടുത്തുന്നുണ്ട്.

സഖറിയാ എന്ന പേരിന്റെ അർത്ഥം ദൈവം ഓർത്തു എന്നാണ്. എലിസബത്ത് എന്ന പേരിന് ദൈവം എന്റെ ഓഹരി അല്ലെങ്കിൽ ദൈവം എന്റെ സമൃദ്ധി എന്നും. സഖറിയായും എലിസബത്തും അവരുടെ വാർദ്ധക്യത്തിലായിരുന്നു. എലിസബത്ത് വന്ധ്യയും. അവരുടെ വാർദ്ധക്യത്തിൽ ദൈവം അവരെ ഓർക്കുകയും, മകനെ നല്കുന്നതിലൂടെ ജീവസമൃദ്ധി കൊടുക്കുകയും ചെയ്യുന്നു. ദൈവത്തിന് ഒന്നും അസാധ്യമല്ലയെന്നും, കാത്തിരിപ്പിന് ഫലങ്ങൾ ഉണ്ട് എന്നും സഖറിയായുടെയും എലിസബത്തിന്റെയും ജീവിതം നമുക്കു കാണിച്ചുതരുന്നുണ്ട്. എലിസബത്തിൽ അദ്ഭുതം പ്രവർത്തിക്കുന്ന ദൈവം മാതൃത്വത്തിന്റെ മഹത്വവും സന്തോഷവും വിളിച്ചു പറയുന്നു.

സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് സഖറിയായ്ക്ക് ലഭിക്കുന്നത് ദേവാലയത്തിൽ ആയിരിക്കുമ്പോഴാണ്. കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലതുവശത്ത് നിൽക്കുന്നതായി പ്രത്യക്ഷപ്പെട്ടുവെന്ന് നാം സുവിശേഷത്തിൽ വായിക്കുന്നു. യഹൂദപാരമ്പര്യത്തിൽ വലതുവശം നല്ല ആശംസകളുടെയും രക്ഷയുടെയും അടയാളമായി കണ്ടിരുന്നു (മത്താ. 25:33-34).

സ്നാപകയോഹന്നാന്റെ ദൗത്യം സുവിശേഷത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. ഇസ്രായേൽ ജനത്തിന് സ്നാപകയോഹന്നാൻ ഒരു പ്രവാചകനാണ് (മർക്കോ. 11:32). കുറെ വർഷങ്ങൾക്കു ശേഷം പൗലോസ് ശ്ലീഹാ എഫേസൂസിൽ എത്തിയപ്പോൾ സ്നാപകയോഹന്നാൻ മാമ്മോദീസ മുക്കിയവരെ കണ്ടുവെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (അപ്പ. 19:3). യോഹന്നാൻ എന്ന വാക്കിന് ദൈവം കാരുണ്യവാനാണ് എന്നാണല്ലോ അർത്ഥം. രക്ഷയുടെ പുതിയ സമയം പ്രഖ്യാപിക്കുകയാണ്. സ്നാപകയോഹന്നാൻ ചെയ്തത് ജീവിതത്തിന് സന്തോഷവും പ്രത്യാശയും നല്കുന്ന മാനസാന്തരത്തിന്റെ ഒരു പ്രസ്ഥാനത്തിന് തന്നെ സ്നാപകയോഹന്നാൻ തുടക്കമിട്ടു.

സഖറിയായ്ക്ക് സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് ലഭിച്ചപ്പോൾ ആദ്യം സഖറിയാ അത് വിശ്വസിച്ചില്ല. യഥാകാലം പൂർത്തിയാകേണ്ട എന്റെ വചനം അവിശ്വസിച്ചതുകൊണ്ട് നീ മൂകനായിത്തീരും (ലൂക്കാ 1:20). സഖറിയായ്ക്ക് സംഭവിച്ചത് ഒരു അടയാളമാണ്. ദൈവത്തിൽ പൂർണമായി ആശ്രയിക്കാനും, ദൈവികരഹസ്യങ്ങൾക്ക് മുമ്പിൽ ധ്യാനനിമഗ്നരാകാനും നമുക്ക് സാധിക്കണം. ദൈവം നമ്മുടെ ഓരോരുത്തരുടെയും കുറവുകളോ, നമ്മുടെ ലോജിക്കോ അല്ല നോക്കുന്നത്. പലപ്പോഴും നമ്മുടെ ചിന്തകൾക്കും മീതേ, കൃപകളും നന്മകളും ദൈവം നമ്മുടെ ജീവിതത്തിൽ വർഷിച്ചുകൊണ്ടിരിക്കുന്നു. സഖറിയായോട് കർത്താവിന്റെ ദൂതൻ പറയുന്നുണ്ട്, നിന്റെ പ്രാർത്ഥന ദൈവം കേട്ടിരിക്കുന്നു (ലൂക്കാ 1:13). നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം പ്രാർത്ഥനയുടെ ഫലമാണ്. പ്രാർത്ഥനയ്ക്ക് കൊടുക്കുന്ന പ്രാധാന്യം ലൂക്കായുടെ സുവിശേഷത്തിൽ ഉടനീളം നമുക്കു കാണാൻ സാധിക്കും. ദൈവത്തിന് ഒന്നും അസാധ്യമല്ലെന്നും, പ്രാർത്ഥനയോടു കൂടിയ കാത്തിരിപ്പിന് ദൈവം ഒരുപാട് അനുഗ്രഹങ്ങളും, ഫലങ്ങളും നല്കുന്നുവെന്നും ഈ സുവിശേഷഭാഗം നമ്മെ പഠിപ്പിക്കുന്നു.